എന്നീ ഗണത്തിൽപ്പെടുന്ന കേസുകൾ തീർപ്പാക്കുന്നതിന് മുൻഗണന നൽകാറുണ്ട്. 13 -ാം ധനകാര്യ കമ്മീഷന്റെ ഫണ്ട് ഉപയോഗിച്ച് 27 താൽക്കാലിക ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതികൾ വിവിധ ജില്ലകളിലായി കെട്ടിക്കിടക്കുന്ന കേസുകൾ തീർപ്പാക്കുന്നതിലേയ്ക്കായി തസ്തികകൾ സഹിതം അനുവദിച്ചിട്ടുണ്ട്. ഇതുകൂടാതെ സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള ലൈംഗിക അതിക്രമങ്ങൾ സംബന്ധിച്ച കേസുകൾ വിചാരണ ചെയ്യുന്നതിനായി പ്രത്യേക കോടതികൾ ആരംഭിച്ചിട്ടുണ്ട്. അതുപോലെതന്നെ പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ കേസുകൾ കേൾക്കുന്നതിനായും പ്രത്യേക കോടതികൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇവയ്ക്കെല്ലാം പുറമെ KELSA-യുടെയും ഹൈക്കോടതിയുടെയും ആഭിമുഖ്യത്തിൽ അദാലത്തുകളും സംഘടിപ്പിച്ചുവരുന്നു.

(സി) 19-9-2014-ലെ സർക്കാർ ഉത്തരവ് നമ്പർ ജി.ഒ.(പി) നമ്പർ 400/2014/ ധന. പ്രകാരം 31-3-2015 മാർച്ച് വരെ പുതിയ തസ്തികകൾ അനുവദിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടായിരുന്നു. സർക്കാരിന്റെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് അത്യാവശ്യ സന്ദർഭങ്ങളിൽ പരിമിതികൾക്കുള്ളിൽനിന്നുകൊണ്ട് പുതിയ തസ്തികകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കാറുണ്ട്.

കൽപ്പറ്റയിൽ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി അനുവദിക്കൽ

33 (1736) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൽപ്പറ്റയിൽ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി അനുവദിക്കണമെന്നാവശ്യപ്പെട്ട് ലഭിച്ച അപേക്ഷയിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത വിഷയത്തിന്മേൽ ബഹു ഹൈക്കോടതിയുടെ ശിപാർശ ലഭിച്ചിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത ശിപാർശയെന്തെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) കൽപ്പറ്റയിൽ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി ആരംഭിക്കുന്നത് സ.ഉ.(സാധാ) നമ്പർ 1919/09/ആഭ്യന്തരം പ്രകാരം കോടതികൾ ആരംഭിക്കുന്നതിനുള്ള മുൻഗണന പട്ടികയിൽ ഹൈക്കോടതിയുടെ ശിപാർശയനുസരിച്ച് ക്രമനമ്പർ 9 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. മുൻഗണന ക്രമമനുസരിച്ചും സർക്കാരിന്റെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്തുകൊണ്ടും മാത്രമേ കോടതി ആരംഭിക്കുന്നതിനുള്ള അനുവാദം സാധ്യമാകുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly